(സി) ഉപകരണങ്ങളുടെ അപര്യാപ്തത പരിഹരിച്ച് വൈദ്യുതീകരണം വേണ്ടത്ര ദവഗതയിൽ പുരോഗമിപ്പിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) പണം അടച്ച എല്ലാ ജോലികളും മാർച്ച് 31-ന് മുമ്പ് പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചില സ്ഥലങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) & (സി) നടപടി സ്വീകരിക്കാവുന്നതാണ്.

(ഡി) മാർച്ച് 31-നുമുമ്പ് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

വൈദ്യുതി മോഷണം തടയാൻ നടപടി

56 [357] ശ്രീ. കെ. നാരായണക്കുറുപ്പ്;
" തോമസ് ചാഴികാടൻ;
" റോഷി അഗസ്റ്റിൻ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക മേഖലയിൽ വ്യാപകമായ വൈദ്യുതി മോഷണം നടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ ;

(സി) ഈ സാമ്പത്തിക വർഷം ഈയിനത്തിൽ എത്ര കോടി രൂപയുടെ നഷ്ടം കണ്ടെത്തിയിട്ടുണ്ട്;

(ഡി) ഇത് തടയുന്നതിനുള്ള സംവിധാനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വൈദ്യുതി മോഷണം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) 4/2005 മുതൽ 12/2005 വരെ 15,00,83,033 രൂപയുടെ നഷ്ടം കണ്ടെത്തിയിട്ടുണ്ട്.

(ഡി) സ്വീകരിച്ചുവരുന്നു.

† അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly